## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1862 10.03.2020 ൽ മറുപടിക്ക്

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ 21 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. താനൂർ<br>2. വളവന്നൂർ (കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുണ്ട്.),<br>3. തവനൂർ (കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുണ്ട്)<br>4. എടപ്പാൾ<br>5. ചുങ്കത്തറ<br>6. വേങ്ങര<br>7. കാളികാവ്<br>8. മേലാറ്റൂർ<br>9. കരുവാരക്കുണ്ട്<br>10. നെടുവ<br>11. വെട്ടം<br>12. പുറത്തൂർ<br>13. പെരുവള്ളൂർ<br>14. ഓമാനൂർ<br>15. ഊർങ്ങാട്ടിരി<br>16. പുഴക്കാട്ടിരി (കുടുംബാരോഗ്യകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുണ്ട്)<br>17. മങ്കട,<br>18. മാറഞ്ചേരി<br>19. എടവണ്ണ,<br>20. കോട്ടയ്ക്കൽ (കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി)<br>21. കുഴിമണ്ണ (ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി) |
| (ബി) | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സ്റ്റാഫ് പാറ്റേൺ എങ്ങനെയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | ആരോഗ്യ വകുപ്പിലെ 1961-ലെ സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിൽ ഐ.പി.വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനു ശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാ |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008-ൽ ഈ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുണ്ട്<br>. നിലവിൽ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നല്കി വരുന്നത്. ആയതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയായ ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചു വരികയാണ്. |
| (സി) | വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര സ്ഥിരം ജീവനക്കാർ പ്രവർത്തിക്കുന്നുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ; | (സി)<br>&<br>(ഡി) | വിശദാംശം ചുവടെ ചേർക്കുന്നു:<br>അസിസ്റ്റന്റ് സർജൻ - 2<br>ക്ലാർക്ക് - 1<br>സ്റ്റാഫ് നഴ്സ് - 1<br>ലാബ് ടെക്നീഷ്യൻ - 1<br>നഴ്സിംഗ് അസിസ്റ്റന്റ് -1<br>ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് -II -2(1 ഒഴിവ്)<br>ഡ്രൈവർ - 1<br>പാർട്ട് ടൈം സ്വീപ്പർ - 1<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ -2<br>ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്- 5<br>സ്ഥിര ജീവനക്കാർക്ക് പുറമെ എൻ.എച്ച്.എം മുഖേന ഡോക്ടർ - 1, ലാബ് ടെക്നീഷ്യൻ-1 ഫാർമസിസ്റ്റ്- 1 ഫിസിയോതെറാപിസ്റ്റ് -1, സ്റ്റാഫ് നേഴ്സ് (സെക്കണ്ടറി പാലിയേറ്റീവ്) -1 എന്നിവരെയും തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് മുഖേന ഡോക്ടർ - 2, ഫാർമസിസ്റ്റ്- 1 സ്റ്റാഫ് നേഴ്സ് -1 എന്നിവരേയും താൽകാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ഡി) | പെരുവള്ളൂർ സി.എച്ച്.സി.യിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | | |

Hari

സെക്ഷൻ ഓഫീസർ